**പതിനഞ്ചാം കേരള നിയമസഭ**

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി II

# (SUBJECT COMMITTEE II)

## ഭൂനികുതിയും ദേവസ്വവും

## (LAND REVENUE AND DEVASWOM)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2025-2026)

## FIFTH REPORT ON THE SCRUTINY OF DEMANDS FOR GRANTS (2025-2026)

**2025 മാർച്ച് 3-ാം തീയതി സമർപ്പിച്ചത്**

**(Presented on 3rd March 2025)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2025

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2025

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി II
# (SUBJECT COMMITTEE II)

## ഭൂനികുതിയും ദേവസ്വവും
## (LAND REVENUE AND DEVASWOM)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**അഞ്ചാമത് റിപ്പോർട്ട്**
**(2025-2026)**

**FIFTH REPORT ON THE SCRUTINY OF**
**DEMANDS FOR GRANTS**
**(2025-2026)**

279/2025.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി II
# ഭൂനികുതിയും ദേവസ്വവും
# (2023-2026)

**ഘടന**

<u>ചെയർപേഴ്സൺ</u>:

ശ്രീ. കെ. രാജൻ,
റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u>:

ശ്രീ. വി. എൻ. വാസവൻ,
തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി

<u>അംഗങ്ങൾ</u> :

ശ്രീ. അഹമ്മദ് ദേവർകോവിൽ

ഡോ. എൻ. ജയരാജ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എം. രാജഗോപാലൻ

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. പി. വി. ശ്രീനിജിൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി

ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി.

# അവതാരിക

2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർപേഴ്സൺ ആയ ഞാൻ സമർപ്പിക്കുന്നു.

2025 ഫെബ്രുവരി 19 -ാം തീയതി സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള വിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ VI | — | ഭൂനികുതി |
| ധനാഭ്യർത്ഥന നമ്പർ XI | — | ജില്ലാ ഭരണവും പലവകയും |
| ധനാഭ്യർത്ഥന നമ്പർ XXVIII | — | പലവക സാമ്പത്തിക സർവ്വീസുകൾ |

മേൽ പ്രസ്താവിച്ച ധനാഭ്യർത്ഥനകൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2025 ഫെബ്രുവരി 24 -ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**കെ. രാജൻ**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2025 മാർച്ച് 3.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ VI — ഭൂനികുതി

വോട്ട് ചെയ്തത് : 920.4087 കോടി രൂപ

ചാർജ്ജ് ചെയ്തത് : 1.25 ലക്ഷം രൂപ

2029-00-101-99—വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ്

ബഡ്ജറ്റ് വിഹിതം : 540.4775 കോടി രൂപ (നോൺ പ്ലാൻ)

2029-00-101-99-05(1)—വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ് - ഓഫീസ് ചെലവുകൾ - വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : 9 ലക്ഷം രൂപ (നോൺ പ്ലാൻ)

1. വില്ലേജ് ഓഫീസുകളുടെ വെള്ളക്കരം ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2029-00-101-99-05(1) ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2029-00-101-99-05(2)—വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ്-ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 1.815 കോടി രൂപ (നോൺ പ്ലാൻ)

2. വില്ലേജ് ഓഫീസുകളുടെ വൈദ്യുതി ചെലവ് ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2029-00-101-99-05(2) ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2029-00-101-99-05(3)—വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ്-ഓഫീസ് ചെലവുകൾ-ടെലിഫോൺ ചാർജ്ജ്

ബഡ്ജറ്റ് വിഹിതം : 36.75 ലക്ഷം രൂപ (നോൺ പ്ലാൻ)

3. വില്ലേജ് ഓഫീസുകളുടെ ടെലിഫോൺ ചാർജ്ജ് ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2029-00-101-99-05(3) ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2029-00-101-99-06—വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ് - വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 90 ലക്ഷം രൂപ (നോൺ പ്ലാൻ)

4. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ കെട്ടിട/വസ്തു നികുതി ഇനത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കുടിശ്ശികയായി നിൽക്കുന്ന തുക മുഴുവൻ അടച്ചുതീർക്കുന്നതിനും വിവിധ വില്ലേജ് ഓഫീസുകളുടെ വാടക നൽകുന്നതിനും വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2029-00-101-99-06 ശീർഷകത്തിൽ 1.75 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2029-00-102-98—ഉന്നത സർവ്വേ പരിശീലനം

ബഡ്ജറ്റ് വിഹിതം : 26.53 ലക്ഷം രൂപ (നോൺ പ്ലാൻ)

5. തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ സർവ്വേ സ്കൂളുകളിലെ 28 ജീവനക്കാരുടെ ശമ്പളം, മറ്റ് പരിശീലന ചെലവുകൾ എന്നിവയ്ക്കായി വകയിരുത്തിയിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2029-00-102-98 ശീർഷകത്തിൽ 7.47 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2029-00-103-95—ഭൂരേഖാ സേവനലഭ്യതയും ഉദ്ഗ്രഥനവും

ബഡ്ജറ്റ് വിഹിതം : 12.6 കോടി രൂപ (പ്ലാൻ)

6. 'എന്റെ ഭൂമി' പദ്ധതിയിൽ ഉൾപ്പെടാത്തതും സർവ്വേ തുടരുന്നതുമായ 17 വില്ലേജുകളിലെ ആധുനിക സർവ്വേ പ്രവർത്തനങ്ങളുടെ പൂർത്തീകരണം, ഐ.ടി. ഇൻഫ്രാസ്ട്രക്ചർ നവീകരണം, 'എന്റെ ഭൂമി' പോർട്ടലിൽ ആർക്കൈവ്സ് റെക്കോഡുകൾ, ILIMS, ബ്ലോക്ക് ചെയിൻ തുടങ്ങിയവ നടപ്പിലാക്കൽ, ഡിജിറ്റൽ സർവ്വേ, ILIMS എന്നിവ നടപ്പിലാക്കുന്നത് സംബന്ധിച്ച അവലോകനം നൽകൽ, സർവ്വേ വകുപ്പിലെ ഓഫ്സെറ്റ് പ്രസ്സ് നവീകരണം എന്നിവക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2029-00-103-95 ശീർഷകത്തിൽ 7.771 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. കൂടാതെ, ബഹു. ധനകാര്യ മന്ത്രി ബഡ്ജറ്റിന്റെ മറുപടിപ്രസംഗത്തിൽ, നാഷണൽ കോൺക്ലേവ് ഓൺ ഡിജിറ്റൽ സർവ്വേ ആൻഡ് ഇന്റഗ്രേറ്റഡ് പോർട്ടൽ സംഘടിപ്പിക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള 25 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളി ച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2029-00-103-95 ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2029-00-800-88—ശ്രീപാദം ഭൂമികളുടെ അവകാശസ്ഥാപന നിയമം നടപ്പിലാക്കൽ-വർഷനാംശം നൽകുന്നതിന്

ബഡ്ജറ്റ് വിഹിതം : 30,000 രൂപ (നോൺ പ്ലാൻ)

8. ശ്രീപാദം ഭൂമികളുടെ അവകാശസ്ഥാപന നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വർഷനാംശം നൽകുന്നതിനായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2029-00-800-88 ശീർഷകത്തിൽ 1,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2029-00-800-74-97— കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം - 2018 പ്രകാരമുള്ള ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 5.2 കോടി രൂപ (നോൺ പ്ലാൻ)

9. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമപ്രകാരമുള്ള ഫീൽഡ് പരിശോധനയ്ക്കായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ വാടകയിനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2029-00-800-74-97 ശീർഷകത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാ ഭരണവും പലവകയും

വോട്ട് ചെയ്തത് : 943.4305 കോടി രൂപ

ചാർജ്ജ് ചെയ്തത് : 1.5925 കോടി രൂപ

2053-00-093-99—കളക്ടർമാരും മജിസ്ട്രേറ്റുമാരും

ബഡ്ജറ്റ് വിഹിതം : 216.8318 കോടി രൂപ (നോൺ പ്ലാൻ)

2053-00-093-99-04-(2)—കളക്ടർമാരും മജിസ്ട്രേറ്റുമാരും-സ്ഥലംമാറ്റ ബത്ത

ബഡ്ജറ്റ് വിഹിതം : 20.25 ലക്ഷം രൂപ (നോൺ പ്ലാൻ)

10. ഐ.എ.എസ്. ഓഫീസർമാരുടെയും ജീവനക്കാരുടെയും സ്ഥലംമാറ്റ ബത്ത ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2053-00-093-99-04-(2) ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2053-00-093-99-04-(4)—കളക്ടർമാരും മജിസ്ട്രേറ്റുമാരും - അവധി യാത്രാ ആനുകൂല്യം

ബഡ്ജറ്റ് വിഹിതം : 5 ലക്ഷം രൂപ (നോൺ പ്ലാൻ)

11. ഐ.എ.എസ്. ഓഫീസർമാരുടെയും ജീവനക്കാരുടെയും അവധി യാത്രാ ആനുകൂല്യങ്ങൾക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2053-00-093-99-04-(4) ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2053-00-093-99-06—കളക്ടർമാരും മജിസ്ട്രേറ്റുമാരും -വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 16 ലക്ഷം രൂപ (നോൺ പ്ലാൻ)

12. ഐ.എ.എസ്. ഉദ്യോഗസ്ഥർ താമസിക്കുന്ന കെട്ടിട വാടക നൽകുന്നതിനും റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ കെട്ടിടനികുതി ഒടുക്കുന്നതിനും വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2053-00-093-99-06 ശീർഷകത്തിൽ 2.5 കോടി രൂപ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2053-00-093-99-34—കളക്ടർമാരും മജിസ്ട്രേറ്റുമാരും -മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 1.481 കോടി രൂപ (നോൺ പ്ലാൻ)

13. 2024 ഡിസംബർ, 2025 ജനുവരി മാസങ്ങളിൽ 'കരുതലും കൈത്താങ്ങും' എന്ന പേരിൽ നടന്ന പരാതിപരിഹാര അദാലത്തിന് ജില്ലാ കളക്ടർമാർക്ക് അനുവദിക്കേണ്ട 2.60 കോടി രൂപയും മലപ്പുറം ജില്ലയിലെ മിനി പമ്പയിൽ 2016 മുതൽ ശബരിമല തീർത്ഥാടകർക്ക് സുരക്ഷാക്രമീകരണങ്ങൾ ഒരുക്കിയ വകയിൽ മലപ്പുറം ജില്ലയ്ക്ക് അനുവദിക്കാനുള്ള 51 ലക്ഷം രൂപയും ഉൾപ്പെടെ, 3.11 കോടി രൂപ അധികം ആവശ്യമുള്ളതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2053-00-093-99-34 ശീർഷകത്തിൽ 3.11 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2053-00-094-99—താലൂക്ക് ഓഫീസുകൾ

ബഡ്ജറ്റ് വിഹിതം : 322.0228 കോടി രൂപ (നോൺ പ്ലാൻ)

2053-00-094-99-05-(1)—താലൂക്ക് ഓഫീസുകൾ - ഓഫീസ് ചെലവുകൾ - വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : 18.86 ലക്ഷം രൂപ (നോൺ പ്ലാൻ)

14. താലൂക്ക് ഓഫീസുകളിലെ വെള്ളക്കരം ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്നും 2024-25 സാമ്പത്തിക വർഷത്തെ കുടിശ്ശിക തുക അനുവദിക്കാനുള്ള സാഹചര്യം താലൂക്ക് ഓഫീസുകളുടെ ദൈനംദിന പ്രവർത്തനങ്ങളെ

ബാധിക്കുമെന്നും മനസ്സിലാക്കിയ സമിതി താലൂക്ക് ഓഫീസുകളിലെ വെള്ളക്കരം ഇനത്തിൽ 2053-00-094-99-05-(1) ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2053-00-094-99-05-(2)—താലൂക്ക് ഓഫീസുകൾ-ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 1.9965 കോടി രൂപ (നോൺ പ്ലാൻ)

15. താലൂക്ക് ഓഫീസുകളിലെ വൈദ്യുതി ചെലവ് ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്നും 2024-25 സാമ്പത്തിക വർഷത്തെ കുടിശ്ശിക തുക അനുവദിക്കാനുള്ള സാഹചര്യം താലൂക്ക് ഓഫീസുകളുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുമെന്നും വിലയിരുത്തിയ സമിതി താലൂക്ക് ഓഫീസുകളിലെ വൈദ്യുതി ചെലവ് ഇനത്തിൽ 2053-00-094-99-05-(2) എന്ന ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2053-00-094-35—കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി (കൈല)

ബഡ്ജറ്റ് വിഹിതം : 86 ലക്ഷം രൂപ (പ്ലാൻ)

16. കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിക്കായി നോൺ പ്ലാൻ വിഹിതം ഇല്ലാത്തതിനാൽ ശമ്പളം തുടങ്ങിയ ഭരണപരമായ ചെലവുകളും പ്ലാൻ വിഹിതത്തിൽ നിന്നുമാണ് വഹിക്കുന്നതെന്നും നിലവിൽ നിരവധി പദ്ധതികൾ കൈലയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നുണ്ടെന്നും മനസ്സിലാക്കിയ സമിതി കൈലയുടെ വളർച്ചയ്ക്കായും പദ്ധതി നിർവ്വഹണത്തിനായും 2053-00-094-35 ശീർഷകത്തിൽ പ്ലാൻ വിഹിതത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2250-00-102-99-04-(2)—1951-ലെ മദ്രാസ് എച്ച്.ആർ. & സി.ഇ. നിയമം നടപ്പാക്കൽ- യാത്രാ ചെലവുകൾ-യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : 30,000 രൂപ (നോൺ പ്ലാൻ)

17. ഹിന്ദുമത ധർമ്മസ്ഥാപന(ഭരണ) വകുപ്പിലെ ആസ്ഥാന ഓഫീസ്, ആറ് ഡിവിഷണൽ ഓഫീസുകൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് സ്ഥലംമാറ്റ ബത്ത അനുവദിക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുകയായ 30,000 രൂപ അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി 2250-00-102-99-04-(2) ശീർഷകത്തിൽ 1.7 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2250-00-102-99-04-(4)—1951-ലെ മദ്രാസ് എച്ച്.ആർ. & സി.ഇ. നിയമം നടപ്പാക്കൽ-യാത്രാ ചെലവുകൾ-അവധി യാത്രാനുകൂല്യം

ബഡ്ജറ്റ് വിഹിതം : 50,000 രൂപ (നോൺ പ്ലാൻ)

18. ഹിന്ദുമത ധർമ്മസ്ഥാപന(ഭരണ) വകുപ്പിലെ ആസ്ഥാന ഓഫിസ്, ആറ് ഡിവിഷണൽ ഓഫീസുകൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് അവധി യാത്രാനുകൂല്യം അനുവദിക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുകയായ 50,000 രൂപ അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി 2250-00-102-99-04-(4) ശീർഷകത്തിൽ 2.5 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2250-00-103-99—ദേവസ്വം ഫണ്ടിലേക്കും ശ്രീപണ്ടാരംവക ഫണ്ടിലേക്കും ഉള്ള സഹായം

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (നോൺ പ്ലാൻ)

19. 2003 -ലെ സ.ഉ.(കൈ)നം. 378/2003/റവ. ഉത്തരവ് പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിനും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനും ആന്വൽ കോൺട്രിബ്യൂഷൻ ഇനത്തിൽ നൽകി വരുന്ന 1 കോടി രൂപ 22 വർഷങ്ങൾക്ക് മുമ്പുള്ള നിരക്കായതിനാൽ പ്രസ്തുത തുക കാലോചിതമായി വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ആവശ്യത്തിനായി ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2250-00-103-99 ശീർഷകത്തിൽ 61 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-98—കൊച്ചി ദേവസ്വം ബോർഡിനുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (നോൺ പ്ലാൻ)

20. കൊച്ചി ദേവസ്വം ബോർഡിനു കീഴിൽ ഉൾപ്പെട്ട 409 ക്ഷേത്രങ്ങളുടെ സംരക്ഷണം, ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ഭക്തജനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, മാലിന്യനിർമ്മാർജ്ജനം എന്നിവയ്ക്കും കൂടാതെ 3 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യവികസനം എന്നിവയ്ക്കും ആവശ്യമായ തുക ദേവസ്വം ബോർഡിന്റെ തനതുഫണ്ടിൽ നിന്നും കണ്ടെത്താൻ സാധിക്കുകയില്ലെന്ന് മനസ്സിലാക്കിയ സമിതി ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2250-00-103-98 ശീർഷകത്തിൽ 50.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2250-00-103-91—മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയിലേയ്ക്ക് സർക്കാർ നൽകുന്ന സംഭാവന

ബഡ്ജറ്റ് വിഹിതം : 1 ലക്ഷം രൂപ (നോൺ പ്ലാൻ)

21. മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും, എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ക്ഷേമനിധിയിലേക്കുള്ള സർക്കാർ സഹായമായി 2250-00-103-91 ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4.99 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-89—വഖഫ് ബോർഡിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം—90 ലക്ഷം രൂപ (നോൺ പ്ലാൻ)

22. വഖഫ് ബോർഡിന്റെ വർദ്ധിച്ചുവരുന്ന ഭരണപരമായ ചെലവുകൾ നിർവ്വഹിക്കുന്നതിനായി 2250-00-103-89 ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 3.1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-87—മലബാർ ദേവസ്വം ബോർഡ്

ബഡ്ജറ്റ് വിഹിതം : (31) സഹായധനം-ശമ്പളം - 26.1468 കോടി രൂപ (നോൺ പ്ലാൻ)

(36) സഹായധനം- ശമ്പളേതരം-11.383 കോടി രൂപ (നോൺ പ്ലാൻ)

ആകെ—37.5298 കോടി രൂപ (നോൺ പ്ലാൻ)

23. മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനും ശമ്പളപരിഷ്കരണ കുടിശ്ശിക, ശമ്പള അഡ്വാൻസ് എന്നിവ നൽകുന്നതിനും കൂടാതെ, ബോർഡിന് കീഴിൽ വരുന്ന വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുള്ള സഹായധനം, ബോർഡിന്റെ ജീർണ്ണോദ്ധാരണ ധനസഹായം എന്നിവ ഉൾപ്പെടെയുള്ള മറ്റെല്ലാ ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 2250-00-103-87-31 എന്ന ശീർഷകത്തിൽ 30 കോടി രൂപയും 2250-00-103-87-36 എന്ന ശീർഷകത്തിൽ 6 കോടി രൂപയും ഉൾപ്പെടെ ആകെ 36 കോടി രൂപ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-86—ഉത്തര മലബാറിലെ കാവുകളിലെ ആചാരസ്ഥാനികർക്കും കോലധാരികൾക്കുമുള്ള പ്രതിമാസ അലവൻസ്

ബഡ്ജറ്റ് വിഹിതം : 5.3 കോടി രൂപ (നോൺ പ്ലാൻ)

24. ഉത്തര മലബാറിലെ ക്ഷേത്രങ്ങളിലെ നിലവിലുള്ള 1,544 ആചാരസ്ഥാനികർ, 368 കോലധാരികൾ കൂടാതെ പുതുതായി ചേർക്കപ്പെടുന്ന ഗുണഭോക്താക്കൾ എന്നിവർ ഉൾപ്പെടെ ഏകദേശം 3000 പേർക്ക് പ്രതിമാസ ധനസഹായം 1,600 രൂപ വീതം നൽകുന്നതിനും 2024-25 സാമ്പത്തികവർഷത്തെ കുടിശ്ശിക നൽകുന്നതിനും അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2250-00-103-86 ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2.2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-85—മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ

ബഡ്ജറ്റ് വിഹിതം : (36) -സഹായധനം-ശമ്പളേതരം-5.5 ലക്ഷം രൂപ (നോൺ പ്ലാൻ)

25. മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ പ്രവർത്തിച്ചുവരുന്ന ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനും അധ്യാപകരുടെ ശമ്പളം, കലാകാരൻമാർക്ക് ആദരം, അവാർഡ് ദാനം, ക്ഷേത്രകലാ പുരസ്കാരങ്ങൾ, അവശരായ ക്ഷേത്രകലാകാരൻമാർക്ക് സഹായം എന്നിവ നൽകുന്നതിനും ലൈബ്രറി വിപുലീകരണം, മ്യൂസിയം വിപുലീകരണം എന്നിവയ്ക്കും അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2250-00-103-85 ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 44.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-80—ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറ കളുടെയും സംരക്ഷണം

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (നോൺ പ്ലാൻ)

26. ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണത്തിനായി മലബാർ ദേവസ്വം ബോർഡിന് 8.2 കോടി രൂപ നൽകാനുണ്ടെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്ന് 5 കോടി രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ആവശ്യങ്ങൾക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2250-00-103-80 ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 12 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-77—കോവിഡ് 19 മായി ബന്ധപ്പെട്ട് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയ സാഹചര്യത്തിൽ കൂടൽമാണിക്യം ദേവസ്വത്തിനുള്ള പ്രത്യേക സഹായം (നോൺ പ്ലാൻ)

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

27. കോവിഡ്, പ്രളയം എന്നിവയ്ക്ക് ശേഷം കൂടൽമാണിക്യം ദേവസ്വത്തിനുണ്ടായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനും ജീവനക്കാരുടെ ശമ്പളം, പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനും ക്ഷേത്രത്തിലെ നിത്യനിദാന ചെലവുകൾ നിർവ്വഹിക്കുന്നതിനും ക്ഷേത്ര നവീകരണത്തിനുമായി അധികം തുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി, 2250-00-103-77 ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 6.4418426 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2250-00-103-76—ശബരിമല ശുചീകരണ പ്രവർത്തികൾ

ബഡ്ജറ്റ് വിഹിതം : 1.4577 കോടി രൂപ (നോൺ പ്ലാൻ)

28. ശബരിമല മണ്ഡല, മകരവിളക്ക് സീസണുകളിൽ തീർത്ഥാടകരുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യത്തിൽ ശബരിമലയിലും എരുമേലിയിലും മറ്റ് പരിസരപ്രദേശങ്ങളിലും ശുചീകരണം, അടിസ്ഥാന സൗകര്യം ഒരുക്കൽ, സാനിറ്റേഷൻ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 2250-00-103-76 ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 81.23 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-188-99—കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

ബഡ്ജറ്റ് വിഹിതം : (31) സഹായധനം-ശമ്പളം - 1.6152 കോടി രൂപ (നോൺ പ്ലാൻ)

(36) സഹായധനം-ശമ്പളേതരം -40.14 ലക്ഷം രൂപ (നോൺ പ്ലാൻ)

ആകെ— 2.0166 കോടി രൂപ (നോൺ പ്ലാൻ)

29. ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളച്ചെലവുകൾ നിർവ്വഹിക്കുന്നതിനായി പര്യാപ്തമായ തുക ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത ആവശ്യത്തിനായി ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും തുക ഉപയോഗപ്പെടുത്തുന്നത് റിക്രൂട്ട്മെന്റ് പ്രക്രിയയെ സാരമായി ബാധിക്കുന്നതായി മനസ്സിലാക്കിയ സമിതി 2250-00-188-99(31) ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

**പുതിയ ശീർഷകം അനുവദിക്കുന്നതിലേയ്ക്ക്**

30. കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിക്കായി നിലവിൽ നോൺ പ്ലാൻ ശീർഷകവും ഫണ്ടും അനുവദിച്ചിട്ടില്ല. അക്കാദമിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രോജക്ട് മാനേജർ, പ്രോജക്ട് കോ-ഓർഡിനേറ്റർ എന്നിവർക്കായുള്ള ശമ്പളം, മറ്റ് ഭരണപരമായ ചെലവുകൾ എന്നിവയ്ക്കായി മുൻ സാമ്പത്തികവർഷം വരെ പ്ലാൻ ഫണ്ടിൽ നിന്നാണ് തുക ചെലവഴിച്ചിരിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. 2025-26 സാമ്പത്തിക വർഷത്തിലേയ്ക്ക് ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ല. കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിക്കായി പുതിയ നോൺ പ്ലാൻ ശീർഷകം അനുവദിക്കണമെന്ന് 2022-23 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലും 2024-25 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലും സമിതി ശിപാർശ നൽകിയിരുന്നു. ആയതിനാൽ കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിക്കായി പുതിയ നോൺ പ്ലാൻ ശീർഷകം അനുവദിക്കണമെന്നും ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ നോൺ പ്ലാൻ വിഹിതമായി 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവീസുകൾ

വോട്ട് ചെയ്തത് : 5548.6851 കോടി രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

3475-00-201-90—ഭൂപരിഷ്കരണ റിവ്യൂ ബോർഡ്

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

31. ഭൂപരിഷ്കരണ റിവ്യൂ ബോർഡ് മീറ്റിംഗിൽ പങ്കെടുത്ത അനൗദ്യോഗിക അംഗങ്ങൾക്ക് യാത്രാപ്പടി, ദിനബത്ത എന്നിവെ നൽകുന്നതിനായി ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 3475-00-201-90 ശീർഷകത്തിൽ 15,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5475-00-800-77-(01)—ഭൂനികുതിവകുപ്പിന് കീഴിലുള്ള മൂലധന പ്രവൃത്തികൾ/പദ്ധതികൾ-സ്മാർട്ട് വില്ലേജ് ഓഫീസുകൾ

ബഡ്ജറ്റ് വിഹിതം : 54 കോടി രൂപ (പ്ലാൻ)

32. വില്ലേജ് ഓഫീസുകൾ സ്മാർട്ട് ഓഫീസുകൾ ആക്കുന്നതിനായും പട്ടയമിഷൻ പ്രവർത്തനങ്ങൾക്കായും തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 54 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും എന്നാൽ, ബഹു. ധനകാര്യ മന്ത്രി ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച, പട്ടയമിഷൻ പദ്ധതിക്കായുള്ള 2 കോടി രൂപ ബഡ്ജറ്റിൽ

ഉൾക്കൊള്ളിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 5475-00-800-77-01 ശീർഷകത്തിൽ 2 കോടി രൂപ അധികമായി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5475-00-800-77-(02)—ഭൂനികുതിവകുപ്പിന് കീഴിലുള്ള മൂലധന പ്രവൃത്തികൾ/പദ്ധതികൾ-റവന്യൂ വകുപ്പിലെ കംപ്യൂട്ടർവൽക്കരണം-അടിസ്ഥാന സൗകര്യം ഒരുക്കൽ/പരിപാലനം/നിലവാരമുയർത്തൽ.

ബഡ്ജറ്റ് വിഹിതം : 26.5 കോടി രൂപ (പ്ലാൻ)

33. റവന്യൂ വകുപ്പിലെ കംപ്യൂട്ടർവല്ക്കരണം, അടിസ്ഥാനസൗകര്യം ഒരുക്കൽ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 26.5 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും എന്നാൽ, ബഹു. ധനകാര്യ മന്ത്രി ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച ഡിജിറ്റൽ പ്രോപ്പർട്ടി കാർഡ് പദ്ധതി നടപ്പിലാക്കുന്നതിനായുള്ള 2 കോടി രൂപയും ഇ-സാക്ഷരതാ ക്യാമ്പയിൻ തുടങ്ങുന്നതിനായുള്ള 1 കോടി രൂപയും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 5475-00-800-77-02 ശീർഷകത്തിൽ 3 കോടി രൂപ അധികമായി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5475-00-800-77-(03)—ഭൂനികുതിവകുപ്പിന് കീഴിലുള്ള മൂലധന പ്രവൃത്തികൾ/പദ്ധതികൾ-സർവ്വേ പരിശീലന സ്കൂളുകളുടെ ആധുനികവൽക്കരണം

ബഡ്ജറ്റ് വിഹിതം: 1.5 കോടി രൂപ (പ്ലാൻ)

34. 2025-26 സാമ്പത്തിക വർഷത്തെ പ്ലാൻ പ്രൊപ്പോസൽ അനുസരിച്ച് Creating Modern Learning Environment എന്ന കംപോണന്റിൽ 2 കോടി രൂപ അധികമായി ആവശ്യമുള്ളതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5475-00-800-77-(03) ശീർഷകത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കെ. രാജൻ,

തിരുവനന്തപുരം,
2025 ഫെബ്രുവരി 24.

*ചെയർപേഴ്സൺ ,*
*സബ്ജക്ട് കമ്മിറ്റി II .*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.